# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 798 — 04.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരോൽപാദന പ്രോത്സാഹന പദ്ധതികൾ

**ചോദ്യം**

**ശ്രീ.സജി ചെറിയാൻ**
**ശ്രീ.വി. അബ്ദുറഹിമാൻ**
**ശ്രീ.കെ.ജെ. മാക്സി**
**ശ്രീ.കെ.സുരേഷ് കുറുപ്പ്**

**മറുപടി**

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) കാലാവസ്ഥയുടെ പ്രാതികൂല്യത്തിനിടയിലും നിലവിൽ സംസ്ഥാനത്തിന് ആവശ്യമായ പാലിന്റെ തൊണ്ണൂറ്റി നാല് ശതമാനം ഉല്പാദിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള ക്ഷീരോൽപാദന പ്രോത്സാഹന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(എ) ക്ഷീരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് താഴെപറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, ക്ഷീര കർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ക്ഷീരഗ്രാമം, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, സമഗ്ര ഇൻഷ്വറൻസ് പദ്ധതി, കാലിത്തീറ്റ സബ്സിഡി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികൾ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശത പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, അപകട മരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീര കർഷക അവാർഡ് എന്നിവയും നടപ്പിലാക്കി വരുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പ്രതികൂല കാലാവസ്ഥയിൽ കന്നുകാലികളുടെ ആരോഗ്യവും ഉൽപാദനവും സംരക്ഷിക്കുന്നതിന് മൃഗചികിത്സാ ക്യാമ്പുകൾ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സംഘടിപ്പിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി, കന്നുകാലികളുടെ മരണം മൂലവും ഉൽപാദനശേഷി നഷ്ടപ്പെടുന്നത് മൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു. 2019-20 വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കറവപശുക്കൾക്കുള്ള വിരയിളക്കലിനുള്ള മരുന്ന് വാങ്ങുന്നതിന് 90 ലക്ഷം രൂപയും ധാതു മിശ്രിത സപ്ലിമെന്റ് വാങ്ങുന്നതിന്

200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വിരമരുന്നും ധാതുമിശ്രിത സപ്ലിമെന്റും നൽകുന്നത് പ്രതികൂല കാലാവസ്ഥയിൽ കന്നുകാലികളുടെ ആരോഗ്യവും ഉൽപാദനവും സംരക്ഷിക്കുന്നതിന് സഹായിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിക്കുന്ന പ്രതിരോധ കുത്തിവയ്പ്പ് യജ്ഞങ്ങൾ വഴി ഉൽപ്പാദനത്തെ ബാധിക്കുന്ന രോഗങ്ങൾ തടയാൻ കഴിയുന്നു.

(ബി) സർക്കാർ നടത്തിവരുന്ന വിവിധ മൃഗസംരക്ഷണ പദ്ധതികളുടെ വിജയഫലമായി 2019-ൽ നടത്തിയ കന്നുകാലി സെൻസസ് പ്രകാരം 1996 മുതൽ ക്രമാനുഗതമായി കുറഞ്ഞുവന്നിരുന്ന കാലി സമ്പത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(ബി) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
1996 മുതൽ 2012 വരെയുള്ള കാലയളവിൽ നടന്ന 5 കന്നുകാലി സെൻസസുകളിൽ (രണ്ട് വർഷങ്ങളും ഉൾപ്പെടെ) കന്നുകാലികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019 ലെ 20-ാം കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിൽ ഒരു ശതമാനം (1%) വർദ്ധനവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012 ലേയും 2019 ലേയും കന്നുകാലി സെൻസസ് പ്രകാരമുള്ള കന്നുകാലികളുടെ എണ്ണം (പശു, കാള വിഭാഗം) ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കന്നുകാലി സെൻസസ് നടന്ന വർഷം | കന്നുകാലികളുടെ എണ്ണം (പശു, കാള വിഭാഗം) |
|---|---|---|
| 1 | 2012 | 13,28,627 |
| 2 | 2019 | 13,41,996 |

(സി) ക്ഷീര കൃഷി ആദായകരമായ തൊഴിലാക്കി മാറ്റുന്നതിന് മൃഗപരിപാലനത്തെക്കുറിച്ചുള്ള ശാസ്ത്രീയ പരിജ്ഞാനം ലഭ്യമാക്കുന്നതിന് വിജ്ഞാന വ്യാപന പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിനും മൃഗരോഗ പ്രതിരോധവും ചികിത്സാ സൗകര്യവും വർദ്ധിപ്പിക്കുന്നതിനും നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

(സി) മൃഗ പരിപാലനത്തെക്കുറിച്ചും ആധുനിക സാങ്കേതിക വിദ്യകളും, പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുമായി തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), അമ്മക്കണ്ടകര (പത്തനംതിട്ട), കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നിവിടങ്ങളിൽ ക്ഷീര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.
കൂടാതെ വകുപ്പിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർക്കായുള്ള പാൽഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയ പശു പരിപാലനത്തെക്കുറിച്ചുള്ള കൂടുതൽ അറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് സഹായകമായ ബോധവത്ക്കരണ ക്ലാസ്സുകളും ബ്ലോക്ക് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. 2019-20 വർഷത്തിൽ 3650 കർഷക സമ്പർക്ക പരിപാടിയും പാൽഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമായി 300 ക്വാളിറ്റി അവയർനസ്സ് പ്രോഗ്രാമും നടത്തി വരുന്നു.
സംരംഭകത്വ വികസന പരിപാടികൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളാണ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ സംഘടിപ്പിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പരിശീലന

കേന്ദ്രങ്ങൾ വഴി പശുവളർത്തൽ ആദായകരമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ 3114 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 275 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 45 ലക്ഷം രൂപയും, വെറ്ററിനറി പോളിക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു.

മൃഗാശുപത്രികളുടെ വികസനവും പുനസംഘടനവും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്നു സംഭരണത്തിനായി പ്രത്യേകം ഘടകം ഉള്ളതിൽ 2019-20 ൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്, കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്.

രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതിയിലൂടെ മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷവും അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നു. നിലവിൽ 105 ബ്ലോക്കുകളിൽ സേവനം ലഭ്യമാണ്. 2019-20 ൽ പദ്ധതിക്കായി 725 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രതിരോധ മരുന്നുകൾ നിർമ്മിക്കുന്ന സ്ഥാപനമായ പാലോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് വെറ്ററിനറി ബയോളജിക്കൽസിന്റെ പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**